JAA (C)
The document should be uploaded to the Department website

ADT

**സമയപരിധി/അടിയന്തിരം**

"ഭരണഭാഷ – മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ: ഇ2/11303/14 തൈക്കാട്, തിരുവനന്തപുരം–14

തീയതി: 25.04.14

## സർക്കുലർ

വിഷയം:– വ്യാവസായിക പരിശീലന വകുപ്പ്– 2014–15 സാമ്പത്തിക വർഷത്തിൽ 87 മോഡണൈസേഷൻ–ഉപകരണ സംഭരണം– ശുപാർശ അയക്കുന്നത്– സംബന്ധിച്ച്.

സൂചന:– ട്രെയിനിംഗ് ഡയറക്ടറുടെ 09.04.14 ലെ ഇ2/11303/14 നമ്പരായ അർദ്ധ ഔദ്യോഗിക കത്ത്.

*********

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളിൽ അഫിലിയേഷൻ ലഭിക്കുന്നതിനു വേണ്ടി ഇനിയും ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും 2013–14 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകിയവയുടെ വിശദാംശവും നിശ്ചിത പ്രെഫോർമയിൽ (പ്രെഫോർമ 1 & 2) തയ്യാറാക്കി 15.05.14 നു മുമ്പ് ഈ കാര്യാലയത്തിൽ അയച്ചു തരുന്നതിന് സൂചന അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.എന്നാൽ നാളിതുവരെയായിട്ടും ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും യാതൊരു ശുപാർശകൾ ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ അടിയന്തിര പ്രാധാന്യം നൽകി 15.05.14 നു മുമ്പ് തന്നെ ടി ശുപാർശകൾ ഈ കാര്യാലയത്തിൽ എത്തിക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. 15.05.14 നു ശേഷം ലഭിക്കുന്ന ശുപാർശകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. നിശ്ചിത സമയപരിധിയ്ക്കകം ശുപാർശ ലഭിക്കാത്തതു കാരണം അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം നടത്താൻ സാധിച്ചിട്ടില്ലായെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രം ആയിരിക്കും.

സർക്കാരിൽ അടിയന്തിരമായി ശുപാർശ അയക്കേണ്ടതിനാൽ സമയപരിധി കർശനമായും പാലിച്ചുകൊണ്ട് നിശ്ചിത പ്രെഫോർമയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തി മറുപടി അയച്ചുവെന്നും ആയവ ഡയറക്ടറേറ്റിൽ എത്തിച്ചുവെന്നും പ്രിൻസിപ്പാൾ ഉറപ്പു വരുത്തേണ്ടതാണ്. കാലതാമസം കർശന നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിതമായി തീരും എന്ന വസ്തുത ഇതിനാൽ അറിയിക്കുന്നു.

**ട്രെയിനിംഗ് ഡയറക്ടർ**

To

1. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
2. വകുപ്പ് വെബ്സൈറ്റിലേക്ക്

പകർപ്പ്:– സംഭരണഫയൽ (ഇ2)

ജി: 25.4.14